**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5) കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് – സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്.

സൂചന. 1. ശ്രീ. ഷാഹുൽ ഹമീദ് നാലാംമൈൽ നല്ലേപ്പിള്ളി എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024</u>**

മേൽ സൂചന (1) പ്രകാരം ശ്രീ.ഷാഹുൽ ഹമീദ് നാലാംമൈൽ നല്ലേപ്പിള്ളി എന്നയാൾ നവകേരളസദസ്സ് മുഖേന നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ IAY ഭവന പദ്ധതി പ്രകാരം 55 $M^2$ വിസ്തീർണ്ണമുള്ള വീട് നിർമിച്ചതിന് റോഡിൽ നിന്നും നിശ്ചിത അകലം പാലിക്കാത്തതിനാൽ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലാ എന്ന പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി. പ്ലോട്ട് അതിരിൽ നിന്നും 1.50 മീറ്റർ അകലം വേണ്ട സ്ഥലത്ത് ഒരടി മാത്രമാണ് അകലം ഉള്ളതെന്നും, വീടിന് അനുബന്ധമായി നിർമ്മിച്ച ടോയ്ലറ്റ് അതിരിനോട് ചേർന്ന് ഉള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേകം ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീ.ഷാഹുൽ ഹമീദ് നാലാംമൈൽ നല്ലേപ്പിള്ളി